## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 739 — 28-09-2011-ൽ മറുപടിയ്ക്ക്

# കാവേരി സർക്കിളിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **(എ)** വയനാട് ജില്ലയിലെ കൽപ്പറ്റ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാവേരി സർക്കിളിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ദീർഘനാളായി ഒരു തുള്ളി ജലം പോലും കർഷകർക്കു നൽകാൻ കഴിയാതിരുന്ന കാരാപ്പുഴ പദ്ധതിയിൽ നിന്നും ഏകദേശം 601 ഹെക്ടർ കൃഷിയിടത്തിലേക്ക് ജലം ലഭ്യമാക്കാൻ 2010 ജൂൺ മാസം 20-ാം തീയതി നടത്തിയ ഭാഗിക കമ്മീഷനിങ്ങിലൂടെ സാധിച്ചിട്ടുണ്ട്.<br><br>2007 നു ശേഷം പുതുക്കപ്പെടാതെ കിടന്ന ബാണാസുരസാഗർ, കാരാപ്പുഴ എന്നീ പദ്ധതികളുടെ ഏറ്റവും പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ( SOR 2010) വിശദമായ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സഹായം ലഭ്യമാക്കാൻ ഉതകും വിധം അംഗികാരത്തിനായി കേന്ദ്ര ജല കമ്മീഷന്റെ കോയമ്പത്തൂർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>ബാണാസുരസാഗർ, കാരാപ്പുഴ എന്നീ പദ്ധതികളുടെ 15 ലക്ഷത്തിനു മേൽ വരുന്ന പ്രവർത്തികളുടെ ടെണ്ടർ വിളിച്ച് എഗ്രിമെന്റ് വച്ച് നടത്തി വരുന്നത് ഈ ഓഫീസിനു കീഴിലാണ്.<br><br>കാവേരിയുടെ കേരളത്തിലെ പ്രധാന പോഷക നദിയായ കബനീ തടത്തിൽ (വയനാട് ജില്ല) വിഭാവനം ചെയ്തിട്ടുള്ള ഒമ്പത് ജലസേചന പദ്ധതികളുടെ ഉപഗ്രഹ സംവിധാനം ഉപയോഗിച്ചുള്ള പര്യവേഷ ണം കേരളാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ സാങ്കേതിക സംവിധാനമുപയോഗിച്ച് നടന്നു വരുന്നത് ഈ ഓഫീസിനു കീഴിലാണ്. |

ഇതിൽ കടുമാൻതോട്, നൂൽപ്പുഴ, ചുണ്ടേലിപ്പുഴ എന്നീ പദ്ധതികളുടെ പര്യവേഷണം ഏകദേശം 60 % ത്തോളം പൂർത്തിയായിട്ടുണ്ട്. കല്ലംപതി, ചേകാട്ട്, മഞ്ഞാട്ട് എന്നീ പ്രവർത്തികളുടെ പ്രാരംഭ പ്രവർത്തനവും തുടങ്ങിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി വാലി ജലസേചന പദ്ധതിയുടെ (AVIP) വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും ഇടുക്കി ജില്ലയിൽ വരുന്ന പാമ്പാർ ബേസിനിലെ പദ്ധതികളായ തലയാർ, ചെങ്കലാർ എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ചാലിയാർ ബേസിനിൽ വരുന്ന അഞ്ച് ചെറുകിട ജലസേചന പദ്ധതികളുടെ പര്യവേഷണ ത്തിന്റെ മേൽനോട്ട ചുമതലയും നിർവഹിക്കുന്നത് ഈ ആഫീസാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയായ (10 MW) കൈതക്കൊല്ലി ഹൈഡ്രോ ഇലക്ട്രിക് സ്കീം ജലസേചന വകുപ്പുമായി സംയുക്തമായി നടപ്പിലാക്കാനാകുമോ എന്ന പഠനവും ഈ ഓഫീസിന്റെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്.

**(ബി)** ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(ബി)** സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ്, കാവേരി സർക്കിൾ കൽപ്പറ്റയുടെ കീഴിൽ ആറ് ഡിവിഷൻ (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ) ഓഫീസുകളാണുള്ളത്. ഇവ ജില്ല തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

<u>വയനാട് ജില്ല</u>

1) ബാണാസുര സാഗർ ഡിവിഷൻ, പടിഞ്ഞാറത്തറ

2) കാരാപ്പുഴ ഡിവിഷൻ, കൽപ്പറ്റ

3) കാവേരി ഡിവിഷൻ, സുൽത്താൻ ബത്തേരി

കബനീ തടത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഒമ്പത് ജലസേചന പദ്ധതികളായ കടമാൻതോട്, നൂൽപ്പുഴ, ചുണ്ടേലിപ്പുഴ, മാഞ്ചാട്ട്, ചേകോടി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ, തൊണ്ടാർ, കല്ലംപതി എന്നീ പദ്ധതികളുടെ പര്യവേഷണം പ്രസ്തുത ഓഫീസിനു കീഴിലാണ് നടന്നു വരുന്നത് .

പാലക്കാട്

4) ഭവാനി ബേസിൻ ഡിവിഷൻ, അഗളി

കോട്ടയം

5) പാമ്പാർ പ്രോജക്ട് ഡിവിഷൻ, പാല, കോട്ടയം.

മലപ്പുറം

6) ചാലിയാർ ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ മലപ്പുറം (ഇപ്പോൾ ഈ ഓഫീസിന്റെ ചുമതല മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറത്തിനാണ്)

**(സി)** കാവേരി സർക്കിൾ കുട്ടനാട് പാക്കേജിന്റെ ഭാഗമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവ് (എം.എസ്) നം.56/2011/ജവിവ തീയതി 12-09-2011 പ്രകാരം കാവേരി സർക്കിൾ ജീവനക്കാരെയടക്കം കുട്ടനാട് പാക്കേജിന്റെ ഭാഗമായി , കോട്ടയം ആസ്ഥാനമായി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. കാവേരി സർക്കിൾ കുട്ടനാട് പാക്കേജിന്റെ ഭാഗമാക്കിയത് ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം സർക്കാരിൽ സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചത്.

**(ഡി)** പ്രസ്തുത ഓഫീസ് വയനാട്ടിൽ നിന്നും മാറ്റരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ എടുത്തു എന്ന് വ്യക്തമാക്കുമോ?

(ഡി) കാവേരി സർക്കിൾ ആഫീസ് വയനാട്ടിൽ നിന്ന് മാറ്റരുത് എന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ